(ഡി) 21-10-1999-ന് അവസാനിച്ച തെക്കു പടിഞ്ഞാറൻ കാലവർഷം മൂലം മരണമടഞ്ഞ മുതിർന്ന ആളുകളുടെ കുടുംബത്തിന് പ്രത്യേക ഉത്തരവ് പ്രകാരം 30,000/- രൂപ വീതം നൽകിയിരുന്നു. 22-10-1999-ന് ആരംഭിച്ച വടക്കുകിഴക്കൻ കാലവർഷത്തെ തുടർന്ന് മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിന് വ്യവസ്ഥ പ്രകാരം 25,000/- രൂപയാണ് നൽകേണ്ടതെങ്കിലും അവർക്കും 30,000/- രൂപ വീതം നൽകാൻ ഉത്തരവായിട്ടുണ്ട്. മരണമടഞ്ഞ കുട്ടികളുടെ കുടുംബത്തിന് 10,000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്ക് പുറത്ത് ചികിത്സ ആവശ്യമെങ്കിൽ പരമാവധി 1,500/- രൂപ വരെ ധനസഹായം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി വീട് നശിച്ചവർക്ക് 15,000/- രൂപയും ഭാഗികമായി വീടിന് നാശം സംഭവിച്ചവർക്ക് പരമാവധി 5,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനായി 330.59874 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) നാശനഷ്ടത്തിന്റെ കണക്ക് അനുബന്ധം I† ആയും അടിയന്തിര ദുരിതാശ്വാസത്തിനും കൃഷിനാശത്തിനും അനുവദിച്ച തുകയുടെ കണക്ക് അനുബന്ധം II† ആയും വച്ചിരിക്കുന്നു.

25 (*142) കെട്ടിട നിർമ്മാണ ചട്ടങ്ങൾ

ശ്രീ. യു.എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ ഇളവുകളാണ് കെട്ടിടനിർമ്മാണത്തിനുവേണ്ടി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അനധികൃത കെട്ടിട നിർമ്മാണം സാധൂകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1989-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1-10-1999 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) കെട്ടിടങ്ങൾക്കു ചുറ്റും തുറസ്സായി വിടേണ്ട സ്ഥലം, റോഡിൽ നിന്നുള്ള ദൂരം, കവറേജ്, എഫ്.എ.ആർ., കാർ പാർക്കിംഗ് മുതലായവയ്ക്കും മൂന്ന് സെന്റ് വരെയുള്ള വസ്തുക്കളിൽ കെട്ടിടം നിർമ്മിക്കുന്നതിനും ചെറിയ വീടുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1996 ഡിസംബർ 31-ാം തീയതിക്കു മുൻപ് നടത്തിയിട്ടുള്ള എല്ലാവിധ അനധികൃത കെട്ടിടങ്ങളും പരിശോധിച്ച് സാധൂകരിക്കുന്നതിനുള്ള പദ്ധതി 1999 ലെ കേരള കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണങ്ങളും ഭൂവികസന സാധൂകരിക്കൽ) ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

26 (*143) ഏകജാലക സംവിധാനം

ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള 'ഏക ജാലക' സംവിധാനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏകജാലക സംവിധാനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഏകജാലക സംവിധാനം പ്രാവർത്തികമാകുന്നതോടെ വ്യവസായ സംരംഭകർക്ക് കൈവരുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംവിധാനം നടപ്പാക്കാൻ നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) വ്യവസായവൽക്കരണം ത്വരിതപ്പെടുത്താൻ "ഏകജാലക" സംവിധാനം താമസംവിനാ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഈ നിയമസഭാ സമ്മേളനത്തിൽ "കേരള ഇൻഡസ്ട്രിയൽ സിംഗിൾവിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ബിൽ - 1999" എന്ന പേരിൽ ബിൽ അവതരിപ്പിച്ചു കഴിഞ്ഞു.

(ബി) വിവിധ വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും വ്യവസായ സംരംഭങ്ങൾ ലഭിക്കേണ്ട ലൈസൻസുകൾ/ക്ലിയറൻസുകൾ എന്നിവയെല്ലാം വേഗത്തിലും നിശ്ചിത സമയ പരിധിക്കുള്ളിലും ലഭ്യമാക്കുവാൻ കഴിയുന്നു. വർദ്ധിച്ച വ്യവസായ പുരോഗതിക്കായി ഇവയെല്ലാം ഒരിടത്തു നിന്നും എളുപ്പത്തിൽ വ്യവസായങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് പ്രധാന ഉദ്ദേശം.

(സി) വിവിധ ക്ലിയറൻസുകൾ, ലൈസൻസുകൾ തുടങ്ങിയവ എളുപ്പത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസുകൾ എളുപ്പത്തിൽ ലഭിക്കുകയും വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാവുകയും ചെയ്യും. അങ്ങനെ എളുപ്പത്തിൽ ഉല്പാദനം ആരംഭിക്കുവാൻ സാധിക്കും. ഇത് വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തും. മാത്രമല്ല, ഉല്പാദന ചെലവ് കുറക്കാനും വ്യവസായത്തെ ലാഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly